**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1214**

**05/03/2018 ൽ മറുപടിക്ക്**

**തൊഴിൽ നഷ്ടപ്പെട്ട കശുവണ്ടി തൊഴിലാളികൾ**

**ചോദ്യം**

**ശ്രീ.കെ.മുരളീധരൻ**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി തൊഴിൽ മേഖലയിലെ പ്രതിസന്ധി കാരണം തൊഴിൽ നഷ്ടപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | തോട്ടണ്ടിയുടെ ലഭ്യതക്കുറവ് കാരണം കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സി ന്റെയും എത്ര ഫാക്ടറികളാണ് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പൂട്ടേണ്ടി വന്നിട്ടുള്ളത്; ഇത് കാരണം എത്ര തൊഴിലാളികൾ ക്കാണ് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളത്; | (ബി) | തോട്ടണ്ടിയുടെ ദൗർലഭ്യം മൂലം കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളും കാപെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളും 2018 ഫെബ്രുവരി മാസം മുതൽ പ്രവർത്തനരഹിതമാണ്. കശുവണ്ടി വികസന കോർപ്പറേഷനിൽ ഏകദേശം 12000 ത്തോളവും കാപെക്സിൽ 4000 ത്തോളവും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. |
| (സി) | തൊഴിൽ നഷ്ടപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്ത മാക്കാമോ? | (സി) | കാപെക്സിലെ എല്ലാ തൊഴിലാളികൾക്കും ഇ. എസ്.ഐ ആനുകൂല്യം ലഭിക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ 2018 ജനുവരി മാസം വരെയുള്ള തൊഴിലാളികളുടെ ഇ.എസ്.ഐ വിഹിതം അടച്ചിട്ടുള്ളതാണ്. 07/11/2016 തീയതിയിലെ V-14/11/5/2012-med-1(policy) ലെ സർക്കുലർ പ്രകാരം ഇൻഷ്വറൻസിന് അർഹതയുള്ള വ്യക്തികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് ലഭിക്കുന്നതിന് 2 വർഷം തുടർച്ചയായ സേവനവും തൊട്ട് മുമ്പുള്ള 4 ഇ.എസ്.ഐ കോൺട്രിബ്യൂഷൻ പീരിയഡിൽ 156 ദിവസത്തെ ഹാജരും ഉണ്ടെങ്കിൽ |

മാത്രമേ കോൺട്രിബ്യൂഷൻ പീരിയഡിൽ രോഗ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു. തോട്ടണ്ടിയുടെ അപര്യാപ്തത മൂലം കശുവണ്ടി വ്യവസായത്തിൽ തുടർച്ചയായി ജോലി നൽകാൻ കഴിയാത്തതിനാൽ, ഒരു കോൺട്രിബ്യൂഷൻ പീരിയഡിൽ 78 പ്രവർത്തിദിനങ്ങളിൽ കുറവായാൽ സർക്കുലറിലെ നിബന്ധനകൾ അനുസരിച്ച് കശുവണ്ടി തൊഴിലാളികൾക്ക് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**